ROLL NUMBER

| | | | | | |
|---|---|---|---|---|---|
| | | | | | |

**Code No: 12**

# INDIAN SCHOOL, AL GHUBRA
## MOCK – II [2007-2008]
## CLASS: X – MALAYALAM
## മലയാളം

*Time allowed: 3 hrs* — *M.Marks: 100*

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

***General Instructions:***

- *Please check that this question paper contains 4 printed pages.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*
- *Please check that this question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

### എ വിഭാഗം

**1.** (a) രണ്ടു പര്യായങ്ങൾ വീതമെഴുതുക 1

മിഴി

(b) വിപരീതപദം എഴുതുക 1

(1) ആകർഷണം

(2) ഏകം

(c) നാനാർത്ഥമെഴുതുക 1

(1) താപം

(d) അർത്ഥവ്യത്യാസമെഴുതുക 1

(1) തമസ്സ് – മഹസ്സ്

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 4

(1) പൂവൊത്ത

(2) ഏകോദരം

(3) അദ്ദേഹം

(4) ജഗദാധാരം

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4

(1) അനുകമ്പാമസൃണം

(2) വാദപ്രതിവാദം

(3) സങ്കുചിതബുദ്ധി

(4) മുരശാസനൻ

(g) പ്രയോഗം മാറ്റുക 2

(1) ദയാനന്ദസരസ്വതി വേദത്തെ പ്രമാണമാക്കി.

(2) ചെറുശ്ശേരി ഭാഷയുടെ ശബ്ദാർത്ഥഗതമായ കഴിവുകളെ പരമാവധി ഉപയോഗിച്ചു.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(1) വേദപ്രതിപാദിതങ്ങളായ തത്ത്വങ്ങൾ അപൗരുഷേയങ്ങളാണ്.

(2) കവികളുടെ ഭാവനയനുസരിച്ചു നായകൻെറ കഥയുടെ ഏതു രംഗവും പുഷ്ടിപ്പെടുത്താം.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

ആ രംഗത്തിലേയ്ക്ക് എത്രമാത്രം പ്രതാപത്തോടെ പ്രവേശിച്ചുവോ, അത്രമാത്രം ദീനതയോടെ പ്രവേശിച്ച ആ എളിയ സൂതതാതപിതാവിൻെറ അടുക്കൽ അയാൾ യഥോചിതം പോലെ ആചാരമനുഷ്ഠിക്കാൻ മടിച്ചില്ലല്ലോ.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

വാഹനങ്ങളിൽ നിന്നും ഒഴിഞ്ഞൊഴിഞ്ഞ് അയാൾ റിക്ഷയും കൊണ്ട് ഓടുന്നത് അദ്ഭുതകരമായ കാഴ്ചയാണ്.

**2**. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) ആധുനിക വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം

(2) മതസൗഹാർദ്ദത്തിൻെറ ആവശ്യകത

(3) പരിസരമലിനീകരണം

(b) നിങ്ങളുടെ പരിസരപ്രദേശത്തുള്ള കൃഷിഭൂമി നികത്തുന്നതിനെതിരെ പ്രതികരിച്ചുകൊണ്ട് നിങ്ങൾ സ്ഥിരമായി വായിയ്ക്കുന്ന ഏതെങ്കിലും പത്രത്തിൻെറ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ആഫ്രിക്കയിൽ തൻെറ നാട്ടുകാർ അനുഭവിക്കുന്ന കഷ്ടതകൾ കണ്ട് ഗാന്ധിജിയുടെ മനസ്സ് വല്ലാതെ വേദനിച്ചു. അതിനാൽ കേസ് കഴിഞ്ഞിട്ടും അവിടെത്തന്നെ താമസിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. "എൻെറ നാട്ടുകാരുടെ ദു:ഖം കണ്ടുകൊണ്ട് ഞാൻ ഇന്ത്യയിലേക്കു തിരിച്ചു പോകുന്നതെങ്ങനെ ?" എന്ന് അദ്ദേഹം ചിന്തിച്ചു വേദനിച്ചു. അതിനാൽ ആ മനുഷ്യസ്നേഹി അവർക്കിടയിൽത്തന്നെ ജീവിച്ചു. അവരിലൊരാളായി അവരുടെ ദുരിതം പങ്കിട്ടുകൊണ്ടും അവർക്ക് ആത്മവിശ്വാസം നൽകിക്കൊണ്ടും എതിർക്കാനും എതിർപ്പിനെ നേരിടാനും ഗാന്ധിജി അവരെ ശീലിപ്പിച്ചു. ഭീരുക്കളായി ജീവിക്കുന്നതിലും നല്ലത് മരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. സത്യത്തോടും നീതിയോടും മമത കാട്ടാൻ അവരെ പഠിപ്പിച്ചു. അന്യായത്തെ നേരിടാൻ ഒരു പുതിയ

സമരമാർഗ്ഗം അവർക്കു കാട്ടിക്കൊടുത്തു. അതുവരെ ആരും പ്രയോഗിച്ചിട്ടില്ലാത്ത സമരതന്ത്രം. അക്രമത്തെ അതേ നാണയത്തിൽ തിരിച്ചടിക്കുന്നതു ഗുണമല്ല ദോഷമാണ് ചെയ്യുന്നതെന്ന് ഗാന്ധിജി കാട്ടിക്കൊടുത്തു. ശത്രുവിനെ കീഴടക്കാനുള്ള ആയുധം ആത്മശക്തിയാണെന്നും ഇന്ത്യക്കാരെ ധരിപ്പിച്ചു. സഹിക്കുക, വീണ്ടും സഹിക്കുക, പിന്നെയും സഹിക്കുക ഇതായിരുന്നു എതിരാളികളുടെ നേരെ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ പ്രയോഗിച്ച സമരതന്ത്രം. ഈ സമരത്തിന് അദ്ദേഹം ഒരു പുതിയ പേരും നൽകി, സത്യഗ്രഹസമരം. മുമ്പെങ്ങും കാണാത്ത ഈ പുതിയ സമരതന്ത്രം കാരണം ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ ശ്രദ്ധിക്കപ്പെട്ടു. ആ രാജ്യത്തിന് അകത്തും പുറത്തും അദ്ദേഹം പെട്ടെന്ന് വിശ്രുതനായി. മുഷ്കരന്മാരായ പൊലീസ് മേധാവികൾപോലും അവിടെ ഗാന്ധിജിയെ ഭയപ്പെട്ടു. ആയുധം വയ്പിക്കാനോ അടിച്ചമർത്താനോ കഴിയാത്ത ഈ സമരമാർഗ്ഗമുപയോഗിച്ച് ഗാന്ധിജി അവിടെ കറുത്ത വർഗ്ഗക്കാരെ രക്ഷിച്ചു. അവരെ ദ്രോഹിക്കാൻ വെള്ളക്കാർ എഴുതിയുണ്ടാക്കിയ കരിനിയമങ്ങളത്രയും ഗാന്ധിജിയുടെ വൈശിഷ്ട്യത്തിനു മുന്നിൽ ഭരണാധികാരികൾക്ക് അടിയറ വയ്ക്കേണ്ടി വന്നു. പല നിയമങ്ങളും തിരുത്തിയെഴുതപ്പെട്ടു. അതോടെ ഗന്ധിജി തെക്കേ ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർക്ക് ദൈവമായി മാറി.

(1) ഗാന്ധിജി പ്രയോഗിച്ച സമരതന്ത്രം എന്തായിരുന്നു ? 2

(2) ഗാന്ധിജി തെക്കേ ആഫ്രിക്കയിലെ കറുത്തവരെ രക്ഷിച്ചത് എങ്ങനെ ? 2

(3) തെക്കേ ആഫ്രിക്കക്കാരെ ഗാന്ധിജി എന്തെല്ലാം പഠിപ്പിച്ചു ? 2

(4) ഗാന്ധിജിയുടെ വൈശിഷ്ട്യത്തിനു മുന്നിൽ ഭരണാധികാരികൾക്ക് അടിയറവയ്ക്കേണ്ടി വന്നത് എന്ത് ? 2

(5) ഗാന്ധിജി തെക്കേ ആഫ്രിക്ക വിട്ടുപോരുവാൻ മടിച്ചത് എന്തുകൊണ്ട് ? 2

## ബി വിഭാഗം

**3.** (a) "താങ്കളിപ്പോൾ കാണിച്ച വിദ്യകളെല്ലാം കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഞാനും കാണിക്കാം. ആളുകൾ നോക്കട്ടെ. താങ്കൾ താങ്കളെച്ചൊല്ലി അദ്ഭുതപ്പെടേണ്ട.!"
ആര് ആരോടു പറയുന്ന വാക്കുകളാണിത് ? സന്ദർഭവും ആശയവും വിശദമാക്കുക 4

(b) കൃഷ്ണഗാഥയുടെ മഹത്വത്തിൻെറ കാരണങ്ങളിൽ അനുപേക്ഷണീയമായത് എന്ത് ? 4

(c) പപ്പു സ്റ്റേഷനിലേയ്ക്ക് പോയപ്പോൾ തെരുവിലുള്ളവർ പറഞ്ഞതെന്തെല്ലാം ? 4

(d) ബാല്യകാലസഖിയിൽ ചെറുകഥയ്ക്കുവേണ്ട എന്തെല്ലാം സവിശേഷതകളാണ് എം. പി. പോൾ കണ്ടെത്തുന്നത് ? 4

(e) ശ്രീനാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങളിൽ രണ്ടാമത്തേത് ഏത് ? 1

രണ്ടാമത്തെ സന്ദേശത്തെ ശാശ്വതമായ മനുഷ്യത്വത്തിന്റെ പ്രഖ്യാപനം എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ? 3

**4.** (a) പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നതാണ് പ്രേമമെന്ന് കവി സ്ഥാപിക്കുന്നതെങ്ങനെ ? 4

(b) "മുൾച്ചെടിച്ചാർത്തെന്നോ, മുല്ലപ്പൂക്കൾ,
മൂടി വിരിച്ച വിരികളെന്നോ,
മുറ്റും ഗണിച്ചീല മൽപ്പിതാവാ-
മുഗ്ദ്ധസങ്കല്പത്തെ വാർത്തെടുക്കേ."

അലങ്കാരം, ആശയം തുടങ്ങിയവ വിശദമാക്കുക. 4

(c) 'നിന്നരുളുന്നനേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു, വിസ്മയപ്പെട്ടു ജനം.'

(i). നിന്നരുളിയതാര് ? 1

(ii). വിസ്മയപ്പെടാനിടയായ സന്ദർഭമെഴുതുക. 2

(iii). ഏതു കവി എഴുതിയ വരിയാണിത് ? 1

(d) 'ഇരുവഴിയിൽ പെരുവഴി നല്ലൂ
പെരുവഴിയേ പോ ചങ്ങാതി.'

എന്നു പറയാൻ കാരണമെന്ത് ? 4

(e) 'എന്നെത്തന്നെ കൊടുത്തു ഞാനൊരു
വീടു വാങ്ങിച്ചു.' -

ഈ വരികൾ എഴുതിയ കവിയാര് ? 1

ഇങ്ങനെ സൂചിപ്പിച്ചതിന്റെ സാഹചര്യമെഴുതുക. 3

**5.** ഫലിതത്തിൽ പൊതിഞ്ഞ യാഥാർത്ഥ്യങ്ങളാണ് 'പ്രൊഫസറുടെ ലോകം' – വ്യക്തമാക്കുക. 10

(അല്ലെങ്കിൽ)

"സമകാല സമൂഹത്തെ വിമർശബുദ്ധിയോടെ കാണുന്ന കൃതിയാണ് പ്രൊഫസറുടെ ലോകം." – ഈ അഭിപ്രായം വിലയിരുത്തുക.

■